


# Chicago Knanaya Catholic Parish Bulletin


Sacred Heart Knanaya Catholic Church, 611 Maple St., Maywood, IL 60153
St. Mary's Knanaya Catholic Church, 7800 W. Lyons St., Morton Grove, IL 60053
May 29, 2011, Volume 6, Issue 36
All issues of our bulletin are available at www.knanayaregion.us/chicago/bulletin.htm


## മെയ്മാസ വണക്ക സമാപനം

മോർട്ടൻ ഗ്രോവ് സെന്റ് മേരീസ് പള്ളിയിലെ മെയ്മാസ വണക്ക സമാപനം മെയ് 31 ചൊവ്വാഴ്ച വൈകുന്നേരം 7:00ന്റെ കുർബാനയോടനുബന്ധിച്ച് ആചരിക്കുന്നതാണ്. ഈ മാസാചരണത്തിൽ സ്പോൺസർമാരായ ഏവർക്കും നന്ദി.



## വി. മിഖായേൽ മാലാഖയുടെ തിരുന്നാൾ

മോർട്ടൻ ഗ്രോവിലെ നമ്മുടെ സെന്റ് മേരീസ് പള്ളിയിൽ വി. മിഖായേൽ റേശ് മാലാഖയുടെ തിരുന്നാൾ മെയ് 27 വെള്ളിയാഴ്ച വൈകുന്നേരം 6:00നും, മെയ് 28നും 29നും (ശനി, ഞായർ) രാവിലെ 10:00നും വിശുദ്ധ കുർബാനയോടനുബന്ധിച്ച് നടത്തപ്പെടും. പ്രസുദേന്തിമാർ: നീണ്ടൂർ ഇടവകയിൽനിന്നുള്ള വനിതകൾ ഉൾപ്പെടെയുള്ള ഷിക്കാഗോക്കാർ.

## ഷിക്കാഗോ സേക്രഡ് ഹാർട്ട് ഇടവകയിലെ ഈശോയുടെ തിരുഹൃദയ ദർശന തിരുന്നാൾ

### ജൂൺ 3, 4, 5 (വെള്ളി, ശനി, ഞായർ) ദിവസങ്ങളിൽ



ജൂൺ 3, വെള്ളി വൈകുന്നേരം 6:30 മുതൽ

പതാക ഉയർത്തൽ, തിരുസ്വരൂപം വെഞ്ചരിക്കൽ, ലദീഞ്ഞ്, പാട്ടുകുർബ്ബാന, പ്രസംഗം

മുഖ്യ കാർമ്മികർ: **ബിഷപ്പ് മാർ ജേക്കബ് അങ്ങാടിയാത്ത്**

**സേക്രഡ് ഹാർട്ട്, സെന്റ് മേരീസ് ഇടവകകളുടെ മിനിസ്ട്രികൾ അവതരിപ്പിക്കുന്ന കലാസന്ധ്യ**

ജൂൺ 4, ശനി വൈകുന്നേരം 5:30 മുതൽ

ലദീഞ്ഞ്, പാട്ടുകുർബ്ബാന, പ്രസംഗം, പ്രസുദേന്തി വാഴ്ച, നൊവേന, കപ്ലോൻ വാഴ്ച.

**സേക്രഡ് ഹാർട്ട്, സെന്റ് മേരീസ് ഇടവകകളുടെ കൂടാരയോഗങ്ങൾ അവതരിപ്പിക്കുന്ന കലാസന്ധ്യ**





ജൂൺ 5, ഞായർ രാവിലെ 10:00 മുതൽ

ലദീഞ്ഞ് , തിരുന്നാൾ കുർബ്ബാന, പ്രസംഗം

മുഖ്യ കാർമ്മികർ: **ആർച്ചുബിഷപ്പ് മാർ മാത്യു മൂലക്കാട്ട്**

**വാദ്യമേളങ്ങളോടുകൂടിയ ആഘോഷമായ തിരുന്നാൾ പ്രദക്ഷിണം**

അടിമ വയ്ക്കൽ, ലേലം.

പ്രസുദേന്തിമാർ: സേക്രഡ് ഹാർട്ട് ഇടവകയിലെ സെന്റ് അൽഫോൻസാ കൂടാരയോഗാംഗങ്ങൾ

**MAIN FEAST OF SACRED HEART KNANAYA CATHOLIC CHURCH, CHICAGO**
**IN HONOR OF THE MOST SACRED HEART OF JESUS**

**June 3rd Friday at 6:30 P.M.**

**Main Celebrant: Mar Jacob Angadiath** *(Bishop of St. Thomas Syro-Malabar Diocese of Chicago)*

**Variety Entertainments after church services by Ministries of Sacred Heart and St. Mary's Parishes**

**June 4th Saturday at 5:30 P.M.**

**Variety Entertainments after church services by Koodara Yogams of Sacred Heart and St. Mary's Parishes**

**June 5th, Sunday at 10:00 A.M.**

**Main Celebrant: Mar Mathew Moolakkattu** *(Archbishop of Kottayam)*

***Colorful procession with Indian Drums***

Feast Sponsored by St. Alphonsa Koodara Yogam of Sacred Heart Parish.

## STAFF

**Pastor: Fr. Abraham Mutholathu Jacob**
**(773) 412-6254 (cell)**
**mutholath2000@yahoo.com**
***www.knanayaregion.us/chicago***
**For list of Voluntary Staff / upcoming events, visit:**
***www.knanayaregion.us/chicago/staff.htm***
***www.knanayaregion.us/chicago/calendar.htm***

## HOLY MASS

**SUNDAY 10:00 A.M. at Sacred Heart and St. Mary's.**
**5:30 P.M. at St. Mary's.**
**English Mass at 11:40 A.M. at both churches.**
**MONDAY - THRUSDAY 7:00 P.M. St. Mary's.**
**FRIDAY 6:00 P.M. at St. Mary's and**
**7:00 P.M. at Sacred Heart.**
**SATURDAY 10:00 A.M. at both churches.**

## RELIGIOUS EDUCATION

**ON SUNDAYS 10:00 A.M. to 11:15 A.M. at both churches.**

## ADORATION

**First Fridays after Mass at both churches.**
**Every Saturday from 11:00 A.M. to 5:00 P.M. at St. Mary's.**

## NOVENAS

**B.V. Mary after Saturday 10:00 A.M. Mass at both churches.**
**St. Jude on Thursdays at 7:00 P.M. at St. Mary's.**
**St. Michael 3rd Friday of the month after 7:00 P.M. Mass at Sacred Heart.**

## PRAYER GROUP

**Sundays after 10:00 A.M. Mass at both churches.**

## ROSARY

**Monday - Friday at 5:30 P.M. at St. Mary's.**

## ST. VINCENT DE PAUL SOCIETY

**Sundays after 10:00 A.M. Mass at Sacred Heart.**

## LEGION OF MARY

**1st and 3rd Saturdays after Mass at Sacred Heart.**
**Every Thursday after 7:00 P.M. Mass at St. Mary's.**




**June 2011**

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | | | 1 | 2 | 3 | 4 |
| 5 | 6 | 7 | 8 | 9 | 10 | 11 |
| 12 | 13 | 14 | 15 | 16 | 17 | 18 |
| 19 | 20 | 21 | 22 | 23 | 24 | 25 |
| 26 | 27 | 28 | 29 | 30 | | |

### FRIDAY, MAY 27, 2011

Mass at St. Mary's with Feast of St. Michael at 6:00 P.M.
St. Joseph Koodara Yogam at the house of Sunny Thekkepparambil, 6725 N. Kostner Ave., Lincolnwood, 60712. 847-673-6586.

### SATURDAY, MAY 28, 2011

Holy Mass and Novena at Sacred Heart at 10:00 A.M.
Feast of St. Michael at St. Mary's along with 10:00 A.M. Holy Mass.

### SUNDAY, MAY 29, 2011

Holy Mass at St. Mary's and Sacred Heart at 10:00 A.M.
Feast Celebration of St. Michael at St. Mary's at 10:00 A.M. sponsored by parishioners from Neendoor.
No English Mass at both churches.
Holy Mass at St. Mary's at 5:30 P.M.
St. Stephen Koodara Yogam at the house of Joy Vachachira, 2467 W. Branch Ct., Naperville., 630-416-7248.

### MONDAY, MAY 30, 2011

Holy Mass at St. Mary's at 7:00 P.M.

### TUESDAY, MAY 31, 2011

Holy Mass at St. Mary's at 7:00 P.M.

### WEDNESDAY, JUNE 1, 2011

Holy Mass at St. Mary's at 7:00 P.M.

### THURSDAY, JUNE 2, 2011

Holy Mass and novena at St. Mary's at 7:00 P.M.

### FRIDAY, JUNE 3, 2011

Holy Mass at St. Mary's at 6:00 P.M.
Adoration at St. Mary's after the Mass by St. Peter and Paul Koodara Yogam.
Main Feast of Sacred Heart Church at 6:30 P.M.
Main Celebrant: Bishop Mar Jacob Angadiath.
Entertainments by the Ministries of Sacred Heart and St. Mary's Churches.

### SATURDAY, JUNE 4, 2011

Holy Mass and Novena at St. Mary's at 10:00 A.M.
First Confession and rehearsal for First Holy Communion and Chrismation at Maywood at 10:00 A.M.
Second Day of Main Feast at Sacred Heart Church at 5:30 P.M. followed by Entertainments by Koodara Yogams of Sacred Heart and St. Mary's Churches.

### SUNDAY, JUNE 5, 2011

Holy Mass at St. Mary's at 10:00 A.M.
Main Feast of Sacred Heart Church at 10:00 A.M.
Main Celebrant: Archbishop Mar Mathew Moolakkattu.
Holy Mass at St. Mary's at 5:30 P.M.

### MONDAY, JUNE 6, 2011

Holy Mass at St. Mary's at 7:00 P.M.

### TUESDAY, JUNE 7, 2011

Holy Mass at St. Mary's at 7:00 P.M.

### WEDNESDAY, JUNE 8, 2011

Holy Mass at St. Mary's at 7:00 P.M.

### THURSDAY, JUNE 9, 2011

Holy Mass and novena at St. Mary's at 7:00 P.M.

### FRIDAY, JUNE 10, 2011

No Holy Mass at St. Mary's at 6:00 P.M. and Sacred Heat at 7:00 P.M.
Centenary Celebration by Knanaya Region at 7:00 P.M.

# വികാരിയുടെ സന്ദേശം



## നമ്മുടെ തിരുന്നാളുകളും സാമുദായിക ഐക്യവും

എന്റെ പ്രിയ സഹോദരങ്ങളേ,

ഷിക്കാഗോയിൽ അഞ്ചു വർഷം മുമ്പുവരെ കലുഷിതമായിരുന്ന ക്നാനായ അന്തരീക്ഷം ഇന്നു ശാന്തമായിരിക്കുകയാണല്ലോ. നാം ആഗ്രഹിച്ച ഈ സാമുദായിക സമാധാനത്തിനു മുഖ്യ കാരണം നാം ദൈവാലയങ്ങൾ സ്ഥാപിച്ചതാണ്. അതിനു പശ്ചാത്തല മൊരുക്കിയ പല ഘടകങ്ങളിൽ ഒന്നാണ് നാം വർഷം തോറും നടത്തിവരുന്ന വലുതും ചെറുതുമായ തിരുന്നാളുകൾ.

ഐ.എച്ച്.എം. പള്ളിയിൽ വിശുദ്ധ പത്താം പിയൂസിന്റെ തിരുന്നാൾ ആഘോഷിച്ചുകൊണ്ടാണ് നാം ഷിക്കാഗോയിലെ തിരുന്നാൾ പരമ്പരകൾക്കു തിരി കൊളുത്തിയത്. ആണ്ടു വട്ടം ഒന്നോ രണ്ടോ പ്രധാന ദർശന തിരുന്നാളും, ഇടക്കിടെ ചെറിയ തിരുന്നാളുകളും നാം ആഘോഷിക്കുന്നുണ്ട്. അവയെല്ലാം നമുക്ക് ഏറെ ദൈവകൃപയും പള്ളിയിൽ കൂടുതൽ ജനപങ്കാളിത്തവും നേടിത്തന്നു. നമ്മുടെ തിരുന്നാളുകളെ നഖശിഖാന്തം എതിർത്തവർപോലും പിന്നീടു നമ്മുടെ തിരുന്നാളുകളിൽ പങ്കെടുക്കുകയും പ്രസുദേന്തിമാരാകുകയും ചെയ്തു.

തിരുന്നാളുകൾ നാട്ടിലേതുപോലെ നാം ആഘോഷിച്ചപ്പോൾ സ്വന്തം പള്ളി സംവിധാനത്തിന് അതു പ്രേരകശക്തിയായി. പള്ളിക്കെതിരെ പടവാളേന്തിയ സാവൂൾമാർ പന്നീട് പൗലോസ് അപ്പസ്തോലന്മാരായി പള്ളിയ്ക്കുവേണ്ടി പടപൊരുതുന്ന ധീരപ്രേഷിതരായി മാറി. മനുഷ്യന് അസാദ്ധ്യമായത് ദൈവത്തിനു സാദ്ധ്യമാണെന്ന് ഷിക്കാഗോയിൽ നാം അങ്ങനെ അനുഭവിച്ചറിഞ്ഞു. ഇതേ ചരിത്രത്തിന്റെ തനിയാവർത്തനം ഇന്നും ക്നാനായ റീജിയണിലെ ചില മിഷനുകളിൽ നടക്കുന്നുവെന്നത് ദുഃഖസത്യമാണ്. ഷിക്കാഗോക്കാരുടെ അനുഭവത്തിൽനിന്നു പാഠമുൾക്കൊണ്ട് അനാവശ്യ പ്രതിബന്ധം ഒഴിവാക്കുവാൻ അവിടങ്ങളിലെ പള്ളി വിരുദ്ധ പ്രവർത്തകർക്കു കഴിഞ്ഞിരുന്നെങ്കിൽ! ക്നാനായ പള്ളികൾ ക്നാനായ കൂട്ടായ്മയെ തകർക്കുമെന്നുവാദിക്കുന്നവരാണ് സമുദായത്തിൽ വിള്ളലുണ്ടാക്കുന്നത്. അവരിൽ പലരുടെയും ചിന്താഗതി തങ്ങളുടെ മക്കൾക്കു കിട്ടാതിരുന്നത് തങ്ങളുടെ ചിലവിൽ മറ്റുള്ളവരുടെ കുട്ടികൾക്കു കിട്ടരുതെന്നതാണ്.

സഭാ ശുശ്രൂഷകർ സഭാസംവിധാനങ്ങൾ കെട്ടിപ്പെടുക്കുവാൻ നിയോഗിക്കപ്പെട്ടവരാണ്. ക്നാനായ പള്ളികൾ സ്ഥാപിക്കുവാൻ പരിശുദ്ധ സിംഹാസനത്തിന്റെ അനുവാദവും, അതു വേണമെന്ന് ആഗ്രഹിക്കുന്ന യഥാർത്ഥ സമുദായ സ്നേഹികളുമുള്ളപ്പോൾ, ഏതു പ്രതിബന്ധമുണ്ടെങ്കിലും സഭാ സംവിധാനം കെട്ടിപ്പടുക്കുവാൻ വൈദികർ ബാദ്ധ്യസ്ഥരാണ്. അവരെ എതിർക്കുന്നവർ സഭയെയും സമുദായത്തെയും പീഢിപ്പിക്കുകയാണ്. ആദിമ സഭയെ പീഢിപ്പിച്ച സാവൂളിനോടു കർത്താവു ചോദിച്ചു: "സാവൂൾ, സാവൂൾ, നീ എന്തുകൊണ്ട് എന്നെ പീഢിപ്പിക്കുന്നു?" ഇതേ ചോദ്യം ഇന്നു പള്ളിയെ എതിർക്കുന്നവരുടെ കാതുകളിൽ എന്നെങ്കിലും മുഴങ്ങാതിരിക്കില്ല!

യഥാർത്ഥ ക്നാനായക്കാർ കഷ്ടപ്പെട്ടു പള്ളിയുണ്ടാക്കി കഴിയുമ്പോൾ, പണം മുടക്കാതെ "മിടുക്കന്മാരായി" ചമഞ്ഞ വിമതന്മാർ പിന്നീടു പള്ളിയിൽ ചേക്കേറി സഭാസംവിധാനത്തിന്റെ ഫലം കൊയ്യാൻ അരിവാളേന്താറുണ്ട്. ഇത്തരം വിമതരുടെ ഈ-മെയിൽ യുദ്ധങ്ങളും ബാർ ചർച്ചകളും ചില സ്ഥലങ്ങളിലെങ്കിലും ഇന്നും തുടരുന്നു. അവരോടു തമ്പുരാൻ പൊറുക്കട്ടെയെന്നും, അവർ പള്ളിക്കു സംഭാവന ചെയ്തില്ലെങ്കിലും, അവരും അവരുടെ വരും തലമുറകളും ക്നാനായ പള്ളികളുടെ പ്രയോജകരാകട്ടെയെന്നും നമുക്ക് പ്രാർത്ഥിക്കാം.

ഷിക്കാഗോയിൽ നാം ഈ ആഴ്ച വിശുദ്ധ മിഖായേൽ മാലാഖായുടെ ചെറിയ തിരുനാൾ വെള്ളി, ശനി, ഞായർ ദിവസങ്ങളിലായി നടത്തുകയാണല്ലോ. ഈ തിരുന്നാൾ നമ്മുടെ സെന്റ് മേരീസ് പള്ളിയിലാണ് നടത്തുന്നതെങ്കിലും ഷിക്കാഗോയിലെ നമ്മുടെ രണ്ടു പള്ളികളിലും സഹകരിക്കുന്ന, നീണ്ടൂരുനിന്നുള്ള കുടുംബങ്ങളും അവിടെനിന്നു വിവാഹം ചെയ്തുപോയ വനിതകളുടെ കുടുംബങ്ങളും ചേർന്നാണു നടത്തുന്നത്. ഇപ്രകാരം നമ്മുടെ രണ്ടു പള്ളികളിലും ഷിക്കാഗോയിലെ ക്നാനായ സമൂഹം നമുക്കായി ചെറിയ തിരുന്നാളുകൾ നടത്തുന്നത് നമ്മുടെ ഇടവകതല വിഭജനം അനുഭവപ്പെടാതിരിക്കുവാൻ സഹായകമാണ്.

ജൂൺ 3,4,5 തീയതികളിൽ മേവുഡിലെ നമ്മുടെ തിരുഹൃദയ ദൈവാലയത്തിലും ആഗസ്റ്റ് 5,6,7 തീയതികളിൽ മോർട്ടൻ ഗ്രോവിലെ നമ്മുടെ സെന്റ് മേരീസ് പള്ളിയിലും പ്രധാന തിരുന്നാളുകൾ ആഘോഷിക്കുന്നതാണ്. ഈ തിരുന്നാളുകൾക്ക് വെള്ളിയാഴ്ചകളിൽ നമ്മുടെ രണ്ട് ഇടവകകളിലെയും ഇൻഫെന്റ് മുതൽ സീനിയർ സിറ്റിസൺസ്‌വരെയുള്ള എല്ലാ മിനിസ്ട്രികളുടെയും ആഭിമുഖ്യത്തിലും ശനിയാഴ്ചകളിൽ രണ്ട് ഇടവകകളിലെയും കൂടാരയോഗങ്ങളുടെ ആഭിമുഖ്യത്തിലുമാണ് കലാപരിപാടികൾ നടത്തുക. നമ്മുടെ രണ്ട് ഇടവകകളുടെയും സഹകരണവും കൂട്ടായ്മയും വർദ്ധിപ്പിക്കുവാൻ ഈ ക്രമീകരണം പ്രയോജനപ്പെടും. കൂടാതെ സെന്റ് മേരീസിലെ ഗായകസംഘം സേക്രഡ് ഹാർട്ടിലും, സേക്രഡ് ഹാർട്ടിലെ ഗായകസംഘം സെന്റ് മേരീസിലും തിരുന്നാളിന്റെ ശനിയാഴ്ചകളിൽ തിരുക്കർമ്മങ്ങളുടെ ഗാനങ്ങൾക്കു നേതൃത്വം നല്കും. തിരുന്നാൾ ഞായറാഴ്ചകളിലെ പ്രദക്ഷിണത്തിന് തിരുസ്വരൂപങ്ങൾ സംവഹിക്കുന്നതിന് കൂടാരയോഗങ്ങളുടെ പേരിനനുസരിച്ച് രണ്ടു പള്ളികളിലെയും കൂടാരയോഗങ്ങളെ ഉൾപ്പെടുത്തുന്നതാണ്.

### നുറുങ്ങുവെട്ടം

**സമുദായ സംരക്ഷകരായി ചമഞ്ഞ് ക്നാനായ പള്ളികളെ എതിർക്കുന്നവർ സമുദായ സ്നേഹികളോ?**





Congratulations to the Perfect Attendance Winners and their parents at Sacred Heart Religious Education School.

## തിരുന്നാൾ കലാപരിപാടികൾക്ക് ഒരുങ്ങാം

നമ്മുടെ രണ്ടു പള്ളികളുടെയും പ്രധാന തിരുന്നാളുകൾക്ക് വെള്ളിയാഴ്ച വൈകുന്നേരം രണ്ട് ഇടവകകളുടെയും മിനിസ്ട്രികളും ശനിയാഴ്ചകളിൽ രണ്ട് ഇടവകകളുടെയും കൂടാരയോഗങ്ങളുടെയും ആഭിമുഖ്യത്തിലാണ് കലാപരിപാടികൾ അവതരിപ്പിക്കുന്നത്. അതിനുവേണ്ട ഒരുക്കങ്ങൾ ചുമതലപ്പെട്ടവർ മുൻകൂട്ടി നടത്തേണ്ടതാണ്.

## PREPARATION FOR FESTIVAL ENTERTAINMENTS

Entertainments for the main feasts of our Sacred Heart and St. Mary's Churches are organized as follows: Friday evening at both churches by Ministries of both parishes. Saturday evening at both churches by Koodara Yogams of both parishes. Those who are assigned shall coordinate this and we seek the support of all for the success of this.

*(Continued from page 3)*

തിരുന്നാളുകൾ വിശുദ്ധീകരണത്തിനും തിരുന്നാളിൽ ആദരിക്കുന്ന പുണ്യാത്മാക്കളെ വണങ്ങുന്നതിനും അവരുടെ ജീവിത മാതൃക അനുകരിക്കുന്നതിനുമാണെങ്കിലും നമുക്കത് സാമുദായിക ഐക്യത്തിനും രണ്ട് ഇടവകാംഗങ്ങൾ തമ്മിൽ യോജിപ്പിനും, നമ്മുടെ എല്ലാ കുട്ടികളുടെയും കൂട്ടായ്മയ്ക്കും വഴിതെളിക്കുന്നു. അതിനാൽ ആസന്നമാകുന്ന ഈ വർഷത്തെ നമ്മുടെ രണ്ടു പ്രധാന തിരുന്നാളുകളിലും എല്ലാ മിനിസ്ട്രികളുടെയും കൂടാരയോഗങ്ങളുടെയും ആത്മാർത്ഥ സഹകരണം അഭ്യർത്ഥിക്കുന്നു.

ഒത്തിരി സ്നേഹത്തോടെ,

ഫാ. ഏബ്രഹാം മുത്തോലത്ത്

## CENTENARY CELEBRATIONS OF THE DIOCESE OF KOTTAYAM BY KNANAYA REGION IN CHICAGO



**At St. Mary's Church, Morton Grove**

**On Friday June 10th at 7:00 P.M.**

**Main Celebrant of Holy Mass:**

**Archbishop Mar Mathew Moolakkattu**

**Concelebrants: All priests of the Knanaya Catholic Region.**

### For Favors Received



- ഒരു വിശ്വാസി

### For Favors Received



- ഒരു വിശ്വാസി

# Circular from Bishop Mar Joseph Pandarasseril

ARCHEPARCHY OF KOTTAYAM
CATHOLIC METROPOLITAN'S HOUSE
P.B. NO. 71, KOTTAYAM- 686 001 KERALA, INDIA.

May 14, 2011

Loving Knanaya brothers and sisters,

Greetings and prayerful wishes from the Archdiocese of Kottayam! It gives me immense pleasure to give a brief account of the Centenary programmes of the Archeparchy. A year long celebration, officially inaugurated on the 15th of July 2010, will come to a close on the 29th of August 2011. We have 163 members working jointly through 13 committees and our motto for the Centenary Year is: "**Thanimayil, Orumayil and Vishwaasaniravil**". I am sure you will be interested to know about some of the programmes. Various spiritual renewal and community awareness programmes were organized through Parish-Forane-Archeparchial levels. Two Knanaya symposiums and a media seminar were also organized.

**CENTENARY EDUCATION FUND OF THE ARCHEPARCHY OF KOTTAYAM (CEFAK)** is a centenary memorial fund which may have a lasting impact on our community. It is a sharing of all the Knanaya people around the globe (priests, sisters and laymen) of their income of one month to this "community uplifting programme" through education. We shall give interest free loans to students from the corpus fund for their pursuit to higher studies. The amount thus given has to be returned after the completion of their studies. This is a special account that will be managed by the local and central committees. paper. I take this opportunity to graciously acknowledge all those who have donated to this humanitarian concern and exhort all of you to contribute generously taking into account the spirit of the project. Kindly see that you are a part of this centennial project. You can draw the NRI cheques to Centenary Education fund of the Archeparchy of Kottayam, SIB Alc No. 015801 and send it to Pandarasseril, Catholic Metropolitan's House, Kottayam 1, Kerala, India. E-mail cefaf2011@gmail.com

**ENTE SNEHAVEEDU** is another centenary project which in fact is a housing scheme. We have given a 'Kuduka' to all the families through parishes and the amount thus collected will be spent to help those people who do not have a decent house. We have so far received quite a number of applications from people who do not have their own houses.

Another project planned is the **Medical Insurance Scheme** which has been undertaken by our Social Service Departments ie., KSSS at Kottayam and MASSS at Kannur. The spirit of this scheme is to develop in our people an insurance culture thus to ease the anxiety of their illness.

**Knanaya Portal** is a computerized data of our family details both in India and abroad. You can verify your family details through www.knanayacatholic.org then go for **search** and if you don't find your details, contact your parish priest and see that it is included in the list.

We undertake a scientific study of our community and conduct village medical camps covering most of our parishes.

As our Archeparchy is stretched out to all the districts of Kerala, to spread the centenary message to all our people and places, we have organized various sangamam in different Foranes under the aegis of various Pious organizations or Knanaya associations. The following programmes were conducted:-

Angels Meet at Kaipuzha- 14th August 2010.
Pithrudinom at Kidangoor-11th September 2010.
Youth Sangamam at Padamughom- 16th October 2010.
Mathrudinom at Uzhavoor-11th December 2010.
Punaraikadinom at Kallissery- 12th February 2011.
Mission Sangamom at Chunkom- 14th April 2011.
Kudiyetta Sangamom at Payyavoor on 15th May 2011.

The upcoming events are given below:

1. **Missionary Sangamom** at Kaduthuruthy on 21st August 2011-The participants for the Missionary Sangamom are all the Priests, Brothers and Sisters working outside the Archeparchy.

2. **Knanayafestev** at Chaithanya on 23rd August 2011-it is a fund raising programme to meet the expenses of the Centenary celebrations. A banquet pass of Rs.5000l-which will admit two members and a draw will give an opportunity to win a Santro Car. We expect all the Pravasi Knanaya families who attend the valedictory functions, book the banquet ticket in advance and you

*(Continued on page 6)*

*(Continued from page 5)*

can confirm this through the Knanaya Associations or Missions (North America). You can Draw the NRI cheques to Centenary Fund of the Archeparchy of Kottayam, SIB Alc No.19312, and send it to the Procurator, Catholic Bishop's House, Kottayam 1, Kerala, India.

3. **Pravasi Sangamom** at Chaithanya -26th August 2011. The participants are the Knanayites outside the proper territory of Kottayam both India and abroad. A symposium will be conducted in the morning for a maximum of 300 members and further details will be intimated after registration. In addition there will be a public meeting and a cultural programme (Kala Sandya) in the afternoon. Time allotted to each country North America and Canada- 1 hr.

Middle East & Kuwait- 30 Minutes Europe - 45 Minutes All other Countries - 30 to 45 Minutes. The presidents and secretaries of the respective Knanaya associations will co-ordinate the programmes. All the details will be sent to the associations and you can find it also in the www.apnades.in. or e-mail: **adcentenary@chaithanya.in**

4. **Cultural Rally and Public meeting** at 2 p.m on 28th August 2011 at Papal Maidan, Nagampadam.

5. **Thanksgiving Holy Qurbana** -Cathedral at 10.30 a.m on 29th August 2011 and a **Public Meeting** in the afternoon in which the **President of India** is the Chief Guest. I wholeheartedly invite you to participate in all these memorable events. Please pray for the success of the upcoming centenary programmes and your generous contribution to CEFAK & SNEHAVEEDU is also appreciated. May God bless you all.



+Mar Joseph Pandarasseril
Auxiliary Bishop of the Archeparchy of Kottayam
Convener, Centenary Celebrations





Photo Above: Perfect Attendance Winners at St. Mary's Religious Education School.

Photo Left: Religious Education Staff at Sacred Heart




## ഷാലോം ഫെസ്റ്റിവൽ ധ്യാനം ഷിക്കാഗോയിൽ

ഷാലോം റ്റി.വി.യിലെ പ്രശസ്ത വചന പ്രഘോഷകരായ ഫാ. റോയി പാലാട്ടി സി.എം.ഐ., ബ്രദർ ബെന്നി പുന്നത്തുറ, ഡോ. ജോൺ ഡി. എന്നിവർ നയിക്കുന്ന ആത്മീയ വിരുന്ന് 2011 ജൂൺ 16 മുതൽ 19 വരെ റോക്ക്ഫോർഡിലെ ബിഷപ്പ് ലെയിൻ റിട്രീറ്റ് സെന്ററിൽ വച്ച് നടത്തപ്പെടുന്നതാണ്. തിരുവചന പ്രഘോഷണം, ദിവ്യകാരുണ്യ ആരാധന, കൌൺസിലിംഗ് എന്നിവ ഉണ്ടായിരിക്കും.

പ്രവേശനം റെജിസ്റ്റർ ചെയ്യുന്ന 225 പേർക്കു മാത്രം. നാലു ദിവസത്തെ താമസത്തിനും ഭക്ഷണത്തിനും ഉൾപ്പെടെ റെജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് $175. ബന്ധപ്പെടുക: സാബു മഠത്തിപ്പറമ്പിൽ, (847-276-7354), ജോർജ് പുള്ളോർകുന്നേൽ (630-776-6001), ജെയിംസ് മന്നാകുളം: (847-253-7663.

| READINGS & READERS | | ഉയിർപ്പു കാലം (Sixth Sunday of Resurrection) | |
|---|---|---|---|
| **MAY 29** | **READINGS** | **S. HEART 10 A.M.** | **ST. MARY'S 10:00 A.M.** |
| 1ST | Act. 10:9-16 | Jose Chacko Thazathuvettathu | Sunny Chemmachel |
| 2ND | Eph. 2:11-22 | Kevin Pullorkunnel | Jerrin Kizhakkekuttu |
| GOSPEL | Jn. 17:21-26 | That they may be one | |

| READINGS & READERS | | ഉയിർപ്പു കാലം (Fifth Sunday of Resurrection) | |
|---|---|---|---|
| **JUNE 5** | **READINGS** | **SACRED HEART 10 A.M.** | **ST. MARY'S 10:00 A.M.** |
| 1ST | Is. 6:1-13 | Jimmy Kaniyalil | Rahul Mattathiparampil |
| 2ND | Phi. 2:1-11 | Nikhil Chakariyamthadathil | Antony Valloor |
| GOSPEL | Mk. 16:9-20 | Missionary work of the disciples | |

## ശതാബ്ദി ബാങ്ക്വറ്റിനു ബുക്കുചെയ്യാം

കോട്ടയം അതിരൂപത ശതാബ്ദി സമാപന ആഘോഷങ്ങളുടെ ധനശേഖരണാർത്ഥം തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ ആഗസ്റ്റ് 23 ചൊവ്വാഴ്ച വൈകുന്നേരം 6:30നു നടക്കുവാനിരി ക്കുന്ന ബാങ്ക്വറ്റിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ നമ്മുടെ പള്ളിക ളിലെ അഗാപ്പെ സ്റ്റോറിൽ ബുക്കു ചെയ്യാവുന്നതാണ്. ടിക്കറ്റു നിരക്ക് രണ്ടു പേർക്ക് 5,000 രൂപ.

## ഷാലോം ഫെസ്റ്റിവൽ ധ്യാനം ഷിക്കാഗോയിൽ

ഷാലോം റ്റി.വി.യിലെ പ്രശസ്ത വചന പ്രഘോഷകരായ ഫാ. റോയി പാലാട്ടി സി.എം.ഐ., ബ്രദർ ബെന്നി പുന്നത്തുറ, ഡോ. ജോൺ ഡി. എന്നിവർ നയിക്കുന്ന ആത്മീയ വിരുന്ന് 2011 ജൂൺ 16 മുതൽ 19 വരെ റോക്ക്ഫോർഡിലെ ബിഷപ്പ് ലെയിൻ റിട്രീറ്റ് സെന്ററിൽ വച്ചു നടത്തപ്പെടുന്നതാണ്. തിരുവചന പ്രഘോഷണം, ദിവ്യകാരുണ്യ ആരാധന, കൌൺസിലിംഗ് എന്നിവ ഉണ്ടായിരിക്കും.

പ്രവേശനം റെജിസ്റ്റർ ചെയ്യുന്ന 225 പേർക്കു മാത്രം. നാലു ദിവസത്തെ താമസത്തിനും ഭക്ഷണത്തിനും ഉൾപ്പെടെ റെജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് $175. ബന്ധപ്പെടുക: സാബു മഠത്തിപ്പറമ്പിൽ, (847-276-7354), ജോർജ് പുള്ളോർകുന്നേൽ (630-776-6001), ജെയിംസ് മന്നാകുളം: (847-253-7663.

## IMPORTANT UPCOMING EVENTS

**June 3,4,5 (Fri.-Sunday):** Main Feast of Sacred Heart Church.
**June 10 Friday** 7:00 P.M. Centenary Celebration of the Archdiocese of Kottayam by the Knanaya Region at St. Mary's Church, Morton Grove.
**June 11 Saturday** 10:00 A.M. Tenth Anniversary Celebration Holy Mass at Syro-Malabar Cathedral, Bellwood.
**June 12 Sunday** at 10:30 A.M. First Holy Communion and Chrismation of Sacred Heart Church.
**June 24 - 26** (Friday - Sunday) Pre-marriage Course at St. Mary's.
**July 17 Sunday** First Anniversary Celebration of St. Mary's Church.
**August 5 - 7** (Friday - Sunday) Main Feast of St. Mary's Church.
**August 21 - 29** Centenary Celebrations in Kerala.
**September 11** Agape Day at St. Mary's and Sunday Reopening of Religious Education Schools.

## PRE-MARRIAGE COURSE

The next pre-marriage course by the Knanaya Catholic Region will be held at St. Mary's Knanaya Catholic Church, Morton Grove from June 24th to 26, 2011. For reservation, please contact Tonny Pullappally @ 630-205-5078.

| OFFERINGS | May 22 |
|---|---|
| **ST. MARY'S, MORTON GROVE** | |
| St, Jude Novena | 207.00 |
| Sunday Offerings 10:00 A.M. | 1,109.00 |
| Evening Mass at 5:30 P.M. | 130.00 |
| Sponsors | 400.00 |
| Souvenir Advertisement | 1,000.00 |
| Fund Raising | 24,350.00 |
| Facility Usage: School | 11,500.00 |
| Monthly Donation via Bank | 8,565.00 |
| **TOTAL ST. MARY'S** | **47,261.00** |
| **SACRED HEART, MAYWOOD** | |
| Sunday 10:00 A.M. Mass | 953.00 |
| Guadalupe Shrine | 83.00 |
| Facility Usage | 750.00 |
| Building Fund | 5,130.00 |
| Children Piggy Bank | 2,000.00 |
| Women Ministry: Birthday | 100.00 |
| **TOTAL MAYWOOD** | **9,016.00** |
| **AGAPE MOVEMENT** | |
| St. Mary's Store | 55.00 |
| Sacred Heart Store | 50.00 |
| Donation Box | 400.00 |
| Manthra Collection | 250.00 |
| **TOTAL AGAPE** | **755.00** |

